**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:6123** **07/11/2016 ൽ മറുപടിക്ക്**

**ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം**

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ: | മറുപടി<br>ശ്രീ.വി. എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
| --- | --- |
| എ) കൃഷി വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;<br>ബി) കൃഷി വകുപ്പ് പുറപ്പെടുവിക്കാനുള്ള ചട്ടങ്ങളുടെയും ചട്ടങ്ങളുടെ ഭേദഗതികളുടെയും വിവരം അറിയിക്കുമോ; | എ) & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; കൃഷി വകുപ്പിലെ വിവിധ ഗസറ്റഡ്/ നോൺ ഗസറ്റഡ് തസ്തികകളിലേയ്ക്കുള്ള യോഗ്യതയും നിയമനരീതിയും പ്രതിപാദിക്കുന്നത് സംബന്ധിച്ച സ്റ്റേറ്റ് സർവ്വീസ്/ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസുകൾക്കായുള്ള സ്പെഷ്യൽ റൂളുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) പെന്റിംഗിലുള്ള ചട്ടങ്ങൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിജ്ഞാപനം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | സി) പെൻഡിംഗിലുള്ള രണ്ട് ചട്ടങ്ങളും നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് വിജ്ഞാപനം ചെയ്യുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി വകുപ്പിലെ വിവിധ ഗസറ്റഡ് തസ്തികകളിലേയ്ക്കുള്ള യോഗ്യതയും നിയമനരീതിയും പ്രതിപാദിക്കുന്നത് സംബന്ധിച്ച അഗ്രികൾച്ചർ സ്റ്റേറ്റ് സർവ്വീസിനായുള്ള സ്പെഷ്യൽ റൂൾ രൂപീകരണം അന്തിമ ഘട്ടത്തിലാണ്. നോൺ ഗസറ്റഡ് തസ്തികകളിലേയ്ക്കുള്ള യോഗ്യതയും നിയമനരീതിയും പ്രതിപാദിക്കുന്നത് സംബന്ധിച്ച അഗ്രികൾച്ചർ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസിനായുള്ള സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ